പത്രക്കുറിപ്പ്

07-08-2020

## സാധാരണക്കാർക്ക് ലാപ്ടോപ്പ് ലഭ്യമാക്കാൻ 'കെഎസ്എഫ്ഇ വിദ്യാശ്രീ സ്കീം'- ഭാഗമാകാൻ താത്പര്യം അറിയിച്ച് 6.7 ലക്ഷം കുടുംബശ്രീ അംഗങ്ങൾ

- ആദ്യ മൂന്ന് തവണകൾ അടച്ചു കഴിയുമ്പോൾ ലാപ്ടോപ്പ് ലഭിക്കും

തിരുവനന്തപുരം: ഓൺലൈൻ മുഖേനയുള്ള വിദ്യാഭ്യാസ രീതി പിന്തുടരുന്നതിന് അനിവാര്യമായ പഠനോപകരണമായ ലാപ്ടോപ്പുകൾ സാധാരണക്കാർക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെഎസ്എഫ്ഇ (കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ് ലിമിറ്റഡ്)യുമായി ചേർന്ന് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിദ്യാശ്രീ സ്കീമിൽ ചേരുന്നത് 6,70,156 അയൽക്കൂട്ടാംഗങ്ങൾ. ഇവരിൽ 5,12,561 പേരും ലാപ്ടോപ്പ് വേണമെന്ന ആവശ്യവും അറിയിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് ആകെയുള്ള 2,90,886 അയൽക്കൂട്ടങ്ങളിൽ 1,12,564 അയൽക്കൂട്ടങ്ങളും വിദ്യാശ്രീ സ്കീമിന്റെ ഭാഗമാകും. 500 രൂപ വീതം 30 മാസത്തവണകളായി അടച്ച് ആകെ 15,000 രൂപ അടങ്കൽ തുക വരുന്ന ഈ സൂക്ഷ്മ സമ്പാദ്യ പദ്ധതിയിൽ ചേരുന്നവർക്ക് ആദ്യ മൂന്ന് തവണകൾ അടച്ചു കഴിയുമ്പോൾ ലാപ്ടോപ്പ് ലഭിക്കും.

സംസ്ഥാനത്താകെ 6നും 17നും ഇടയിൽ പ്രായമുള്ള ഭൂരിഭാഗം കുട്ടികൾക്കും ഗുണം ലഭിക്കുന്നത് ലക്ഷ്യമിട്ടാണ് കുടുംബശ്രീ മുഖേന ഇങ്ങനെയൊരു സ്കീം ഏർപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 75 ശതമാനം കുടുംബങ്ങളും കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായതിനാലാണ് 1500 രൂപ അടച്ച് കഴിയുമ്പോൾ ഒരു ലാപ്ടോപ്പ് ലഭിക്കുമെന്ന പ്രത്യേകതയുള്ള ഈ സ്കീം കുടുംബശ്രീ മുഖേന നടപ്പാക്കാൻ പ്രധാന കാരണം. മൂന്നാമത്തെ തവണ അടച്ചതിന് ശേഷം ലാപ്ടോപ്പ് ആവശ്യമെങ്കിൽ ഈ വിവരം അയൽക്കൂട്ടത്തെ അറിയിക്കാം. ഇതനുസരിച്ച് വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് ഐടി വകുപ്പ് എംപാനൽ ചെയ്യുന്ന ഏജൻസികളിൽ നിന്ന് ലഭ്യമാക്കുന്നു. 15,000 രൂപയിൽ താഴെയാകും ഈ ലാപ്ടോപ്പിന് വിലവരുന്നത്. ലാപ്ടോപ്പിന്റെ വില കഴിഞ്ഞുള്ള ശേഷിച്ച തുകയും പലിശയും ചേർത്ത് ചിട്ടിയുടെ അടവ് തീരുമ്പോൾ അംഗങ്ങൾക്ക് ലഭിക്കുന്നതാണ്.

ചിട്ടി കൃത്യമായി അടക്കുന്നവർക്ക് പത്താം തവണയും ഇരുപതാം തവണയും തവണത്തുകയായ 500 രൂപ വീതം അടയ്ക്കേണ്ടതില്ല. ഇത് കെഎസ്എഫ്ഇ തന്നെ അടയ്ക്കും. കൂടാതെ

ഒന്ന് മുതൽ 30 വരെയുള്ള തവണസംഖ്യ കൃത്യമായി അടയ്ക്കുന്നവർക്ക് പുതുതായി ആരംഭിക്കുന്ന സമാനമായ പദ്ധതിയിൽ ചേരാൻ ആദ്യതവണ സംഖ്യയായ 500 രൂപ കെഎസ്എഫ്ഇ വരവ് വച്ച് കൊടുക്കുകയും ചെയ്യും. തിരിച്ചടവ് മുടക്കാതെ തവണ അടയ്ക്കുന്നവർക്ക് ആകെ 1500 രൂപയുടെ ലാഭം ഇത്തരത്തിൽ ഉറപ്പാക്കുന്നു. ലാപ്ടോപ്പ് ആവശ്യമില്ലാത്തവർക്കും പദ്ധതിയിൽ ചേരാനാകുമെന്നതാണ് മറ്റൊരു പ്രത്യേകത. ഇവർക്ക് 13ാം മാസത്തവണ അടച്ചു കഴിഞ്ഞാൽ ആവശ്യമെങ്കിൽ ലേലം കൂടാതെ തുക ലഭിക്കും. അപ്പോൾ നിലവിലുള്ള കെഎസ്എഫ്ഇയുടെ നിക്ഷേപ പലിശയും ലഭിക്കും. തവണ മുടങ്ങാതെ അടയ്ക്കണം. തവണ തിരിച്ചടയ്ക്കുന്നതിന് അയൽക്കൂട്ടത്തിന്റെയും സിഡിഎസി ന്റെയും മേൽനോട്ടവുമുണ്ടായിരിക്കും.

ഈ പദ്ധതിയിൽ ചേരാൻ താത്പര്യമുള്ള അയൽക്കൂട്ടാംഗങ്ങൾ ഉൾപ്പെട്ട അയൽക്കൂട്ട ത്തിന്റെ പേരിൽ ബന്ധപ്പെട്ട കെഎസ്എഫ്ഇ ബ്രാഞ്ചിൽ സുഗമ അക്കൗണ്ട് (സേവിങ്സ് അക്കൗണ്ട്) തുടങ്ങി ആ അക്കൗണ്ട് മുഖേനയാണ് തവണകൾ അടയ്ക്കുന്നത്. നിശ്ചിത തിയതിക്ക് മുമ്പ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന തുകയിൽ നിന്ന് കെഎസ്എഫ്ഇ തവണ സംഖ്യ പിൻവലിക്കും. അയൽക്കൂട്ടത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് കെഎസ്എഫ്ഇ സുഗമ അക്കൗണ്ടിലേക്ക് ഡിജിറ്റലായി പണം അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്താനു ള്ള ശ്രമങ്ങളും പുരോഗമിക്കുകയാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ